**മധുരമായ കുട്ടികളെ - നിങ്ങൾക്കിപ്പോൾ നിന്ദ-സ്തുതി, മാനം-അപമാനം, സുഖം-ദു:ഖം എല്ലാം സഹിക്കണം, നിങ്ങളുടെ സുഖത്തിന്റെ ദിനമിപ്പോൾ സമീപത്ത് വന്നുകൊണ്ടിരിക്കുകയാണ്.**

**ചോദ്യം -** ബാബ തന്റെ ബ്രാഹ്മണ കുട്ടികൾക്ക് ഏതൊരു മുന്നറിയിപ്പാണ് നൽകുന്നത്?
**ഉത്തരം -** കുട്ടികളേ, ഒരിക്കലും ബാബയോട് പിണങ്ങരുത്. അഥവാ ബാബയോട് പിണങ്ങിയെങ്കിൽ സദ്ഗതിയിൽ നിന്നും പിണങ്ങിപ്പോകും. ബാബ മുന്നറിയിപ്പ് നൽകുകയാണ്-പിണങ്ങുന്നവർക്ക് വളരെ കടുത്ത ശിക്ഷ ലഭിക്കും. പരസ്പരമോ ബ്രാഹ്മണിയുമായോ പിണങ്ങുകയാണെങ്കിൽ പുഷ്പമായായി പിന്നെ മുള്ളായി മാറും, അതുകൊണ്ട് വളരെ- വളരെ ശ്രദ്ധയോടെയിരിക്കൂ.

**ഗീതം -** ക്ഷമയോടെയിരിക്കൂ മനുഷ്യാ...........

**ഓം ശാന്തി**. മധുര-മധുരമായ കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികൾ ഗീതം കേട്ടല്ലോ, നിങ്ങൾ കുട്ടികൾക്ക് ജന്മ-ജന്മാന്തരത്തിലെ ഏതെല്ലാം ദു:ഖമുണ്ടോ അതെല്ലാം ദൂരീകരിക്കണം. ഈ ഗീതത്തിന്റെ വരി കേട്ടല്ലോ, നിങ്ങൾക്കറിയാം ഇപ്പോൾ നമ്മുടെ ദു:ഖത്തിന്റെ പാർട്ട് പൂർത്തിയാവുകയാണ് സുഖത്തിന്റെ പാർട്ട് ആരംഭിക്കുകയാണ്. ആരാണോ പൂർണ്ണമായ രീതിയിൽ അറിയാത്തത് അവർ ഏതെങ്കിലും കാര്യത്തിൽ തീർച്ചയായും ദു:ഖം അനുഭവിച്ചിരിക്കും. ഇവിടെ ബാബയുടെയടുത്ത് വന്നിട്ട് പോലും ഏതെങ്കിലും തരത്തിലുള്ള ദു:ഖമുണ്ടാകും. ബാബ മനസ്സിലാക്കുന്നു, അനേകം കുട്ടികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. തീർത്ഥയാത്രയ്ക്ക് പോകുമ്പോൾ ചിലയിടത്ത് തിരക്കുണ്ടാകുന്നു, മഴ പെയ്യുന്നു, ഇടയ്ക്ക് കൊടുങ്കാറ്റും ഉണ്ടാകുന്നു. ആരാണോ സത്യമായ ഭക്തർ അവർ പറയും എന്ത് നഷ്ടമുണ്ടാകാനാണ്, ഭഗവാന്റെയടുത്തയ്ക്കല്ലേ പോകുന്നത്. ഭഗവാനാണെന്ന് മനസ്സിലാക്കി തന്നെയാണ് യാത്രയ്ക്ക് പോകുന്നത്. മനുഷ്യർക്ക് ഒരുപാട് ഭഗവാന്മാരാണ്. അതിനാൽ ആരാണോ നല്ല ഉറപ്പുള്ളവർ, വിഷമമൊന്നുമില്ലെന്നവർ പറയും, നല്ല കാര്യത്തിൽ എപ്പോഴും വിഘ്നം ഉണ്ടാകുന്നു, തിരിച്ച് പോകുന്ന പ്രശ്നമേയില്ല. ചിലർ തിരിച്ച് പോകുന്നു. ഇടയ്ക്ക് വിഘ്നമുണ്ടാകുന്നു, ഇടയ്ക്ക് ഉണ്ടാകുന്നില്ല. ബാബ പറയുകയാണ് കുട്ടികളെ ഇതും നിങ്ങളുടെ യാത്രയാണ്. നമ്മൾ പരിധിയില്ലാത്ത ബാബയുടെയടുത്തേയ്ക്ക് പോവുകയാണെന്ന് നിങ്ങൾ പറയും, ആ ബാബ എല്ലാവരുടെയും ദു:ഖം ഇല്ലാതാക്കുന്നയാളാണ്. ഇത് നിശ്ചയമുണ്ട്, ഇന്നത്തേക്കാലത്ത് നോക്കൂ മധുബനിൽ എത്ര തിരക്കാണ്, ബാബയ്ക്ക് ചിന്ത വരുകയാണ്, അനേകർക്ക് ബുദ്ധിമുട്ടും ഉണ്ടാകുന്നുണ്ട്. തറയിൽ ഉറങ്ങേണ്ടി വരുന്നു. കുട്ടികളെ തറയിൽ ഉറക്കാൻ ബാബ ആഗ്രഹിക്കുന്നില്ല. പക്ഷെ ഡ്രാമയനുസരിച്ച് തിരക്ക് ഉണ്ടായി, കല്പം മുമ്പും ഉണ്ടായിരുന്നു വീണ്ടും ഉണ്ടാകും, ഇതിലൊരിക്കലും വിഷമിക്കരുത്. പഠിക്കുന്നവരിൽ ചിലർ രാജാവായി മാറും പിന്നെ ചിലർ ദരിദ്രരുമായി മാറുമെന്നും അറിയാം. ചിലരുടെത് ഉയർന്ന പദവിയായിരിക്കും, ചിലരുടെത് കുറവും. പക്ഷെ തീർച്ചയായും സുഖമുണ്ടാകും. ഇതും ബാബയ്ക്കറിയാം ചിലർ പക്വതയില്ലാത്തവരാണ്, ഒന്നും സഹിക്കാൻ സാധിക്കുകയില്ല. അവർക്ക് എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാവുകയാണെങ്കിൽ പറയും ഞങ്ങൾ വരാൻ ആഗ്രഹിച്ചിരുന്നില്ല അല്ലെങ്കിൽ ബ്രാഹ്മണി ഞങ്ങളെ നിർബന്ധിച്ച് കൊണ്ടു വന്നതാണെന്ന് പറയും. ഇങ്ങനെയും ചിലരുണ്ട് ബ്രാഹ്മണി ഞങ്ങളെ അറിയാതെ കുടുക്കിയെന്നവർ പറയും. പൂർണ്ണമായ തിരിച്ചറിവില്ലാതെയാണ് വിശ്വവിദ്യാലയത്തിൽ വരുന്നത്. ഈ സമയത്തെ പഠിപ്പിലൂടെ ചിലരാണെങ്കിൽ ധനികരായി മാറും. ചിലർ ഭാവിയിൽ ദരിദ്രരായി മാറുന്നവരാണ്. ഇവിടുത്തെ ധനികനും ദരിദ്രനും അവിടുത്തെ ധനികനും ദരിദ്രനും തമ്മിൽ രാവിന്റെയും പകലിന്റെയും വ്യത്യാസമുണ്ടാകുന്നു. ഇവിടുത്തെ ധനികനും ദു:ഖിയാണ് ദരിദ്രനും ദു:ഖിയാണ്. അവിടെ രണ്ടു പേരും സുഖികളായിരിക്കും. ഇവിടുത്തേതാണെങ്കിൽ പതിത വികാരീ ലോകമാണ്. അഥവാ ആരുടെയടുത്തെങ്കിലും ഒരുപാട് ധനമുണ്ട്, ബാബ മനസ്സിലാക്കി തരുകയാണ് ഈ ധനമെല്ലാം മണ്ണിൽ പോകുന്നതാണ്. ഈ ശരീരവും ഇല്ലാതെയാകും. ആത്മാവാണെങ്കിൽ മണ്ണിൽ ലയിക്കില്ല, എത്ര വലിയ-വലിയ സമ്പന്നരായാലും, ബിർളയെപോലെയുള്ളവരാണെങ്കിലും, പക്ഷെ അവർക്കെന്തറിയാം ഇപ്പോൾ ഈ പഴയ ലോകം മാറികൊണ്ടിരിക്കുകയാണെന്ന്. അറിയാൻ കഴിഞ്ഞാൽ പെട്ടെന്ന് വരും. ഇവിടെ ഭഗവാൻ വന്നു കഴിഞ്ഞെന്ന് പറയുന്നു എന്നിട്ടും എവിടെയ്ക്ക് പോകും? ബാബയിൽ നിന്നല്ലാതെ ഒരാൾക്കും സദ്ഗതി ലഭിക്കുക സാധ്യമല്ല. അഥവാ ആരെങ്കിലും ദ്വേഷ്യപ്പെട്ടു പോയി എങ്കിൽ സദ്ഗതിയിൽ നിന്ന് വിട്ടുപോയെന്ന് പറയും. ഇങ്ങനെ ഒരുപാട് പേർ ദ്വേഷ്യപ്പെട്ടുകൊണ്ടിരിക്കും, വീണുകൊണ്ടിരിക്കും. ആശ്ചര്യത്തോടുകൂടി കേൾക്കും, നിശ്ചയമുണ്ടാകും....... ചിലർ ഇതല്ലാതെ വേറെ വഴിയൊന്നുമില്ലെന്ന് മനസ്സിലാക്കുന്നു. ഇവരിലൂടെ സുഖത്തിന്റെയും ശാന്തിയുടെയും സമ്പത്ത്

ലഭിക്കും. ഇവരിലൂടെയല്ലാതെ സുഖ-ശാന്തി ലഭിക്കുക അസംഭവ്യമാണ്. ധനം കൂടുതലുണ്ടാകുമ്പോള്‍ സുഖം ലഭിക്കും. ധനത്തിലൂടെയും സുഖമുണ്ടാകുമല്ലോ. അവിടെ(മൂലവതനത്തില്‍) ആത്മാക്കള്‍ ശാന്തിയിലിരിക്കുന്നു. ചിലര്‍ പറയും നമുക്ക് പാര്‍ട്ടില്ലായെങ്കില്‍ സദാ നമുക്കവിടെയിരിക്കാം, പക്ഷെ അങ്ങനെ പറയുന്നതുകൊണ്ടൊരിക്കലും ആവാതിരിക്കില്ല. കുട്ടികള്‍ക്ക് മനസ്സിലായി കഴിഞ്ഞു - ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടതുമായ കളിയാണ്. ഏതെങ്കിലും സംശയത്തില്‍ പെട്ട് ഉപേക്ഷിച്ചു പോകുന്ന അനേകരുണ്ട്. ബ്രാഹ്മണിയോട് ദ്വേഷ്യപ്പെടുന്നു അല്ലെങ്കില്‍ പരസ്പരം ദ്വേഷ്യപ്പെട്ട് പഠിപ്പുപേക്ഷിക്കുന്നു.

ഇപ്പോള്‍ നിങ്ങളിവിടെ പുഷ്പമായി മാറാന്‍ വേണ്ടി വന്നിരിക്കുകയാണ്. അനുഭവം ചെയ്യുന്നു - നമ്മള്‍ മുള്ളില്‍ നിന്ന് പുഷ്പമായി മാറികൊണ്ടിരിക്കുകയാണ്. തീര്‍ച്ചയായും പുഷ്പമായി മാറണം. ചിലര്‍ക്ക് ചില സംശയങ്ങളുണ്ടാകുന്നു, ഇന്നയാള്‍ ഇത് ചെയ്യുന്നു, ഇവരങ്ങനെയാണ്, അതുകൊണ്ട് ഞങ്ങള്‍ വരുന്നില്ല. ദ്വേഷ്യപ്പെട്ട് പോയി വീട്ടിലിരിക്കുന്നു. ബാബ പറയുകയാണ് വേണമെങ്കില്‍ മറ്റുള്ളവരോട് പിണങ്ങിക്കോളൂ എന്നാല്‍ ഒരു ബാബയോടൊരിക്കലും പിണങ്ങരുത്. ബാബ മുന്നറിയിപ്പ് നല്‍കുകയാണ്, ശിക്ഷകള്‍ വളരെ കടുത്തതാണ്. ഗര്‍ഭത്തിലും എന്തെല്ലാം ശിക്ഷകളാണോ ലഭിക്കുന്നത്, എല്ലാ സാക്ഷാത്ക്കാരവും ചെയ്യിക്കുന്നു. സാക്ഷാത്ക്കാരമില്ലാതെ ശിക്ഷ ലഭിക്കാന്‍ കഴിയില്ല. ഇവിടുത്തെയും സാക്ഷാത്ക്കാരമുണ്ടാകും. നിങ്ങള്‍ പഠിച്ച്-പഠിച്ച് പരസ്പരം വഴക്കടിച്ച്, ദ്വേഷ്യപ്പെട്ട് പഠിപ്പ് ഉപേക്ഷിച്ചിരുന്നു. നമുക്ക് അച്ഛനില്‍ നിന്ന് പഠിക്കണമെന്ന് നിങ്ങള്‍ മനസ്സിലാക്കുന്നു. പഠിപ്പൊരിക്കലും ഉപേക്ഷിക്കരുത്. നിങ്ങളിവിടെ മനുഷ്യനില്‍ നിന്ന് ദേവതയാകാന്‍ വേണ്ടി പഠിക്കുകയാണ്. അങ്ങനെയുള്ള ഉയര്‍ന്നതിലും ഉയര്‍ന്ന ബാബയുടെയടുത്ത് നിങ്ങള്‍ കാണുന്നതിന് വന്നിരിക്കുകയാണ്. ഇടയ്ക്ക് കൂടുതല്‍ പേര്‍ വരുന്നു, ഡ്രാമയനുസരിച്ച് കുറച്ച് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്. കുട്ടികള്‍ക്ക് അനേക കൊടുങ്കാറ്റ് വരുന്നു. ഇന്ന വസ്തു ലഭിച്ചില്ല, ഇത് കിട്ടിയില്ല, ഇവിടെയാണെങ്കില്‍ ഒന്നും തന്നെയില്ല. എപ്പോഴാണോ മരണത്തിന്‍റെ സമയം വരുക അപ്പോള്‍ അജ്ഞാനീ മനുഷ്യര്‍ പറയും ഞങ്ങളെന്ത് പാപം ചെയ്തു, അകാരണമായി ഞങ്ങളെ കൊല്ലുന്നു. ആ പിന്നീടുള്ള പാര്‍ട്ടിനെ തന്നെയാണ് രക്തപുഴയുടെ പാര്‍ട്ടെന്ന് പറയപ്പെടുന്നത്. പെട്ടെന്ന് ബോംബുകള്‍ വീഴും. ഒരുപാട് പേര്‍ മരിക്കും. ഇത് രക്തപുഴയായില്ലേ. അജ്ഞാനീ മനുഷ്യര്‍ ഇങ്ങനെ കരഞ്ഞ് നിലവിളിക്കും. നിങ്ങള്‍ കുട്ടികള്‍ക്ക് വളരെയധികം സന്തോഷമുണ്ടാകുന്നു, കാരണം നിങ്ങള്‍ക്കറിയാം ഈ ലോകത്തിന്‍റെ വിനാശമുണ്ടാകുക തന്നെ ചെയ്യും, അനേക ധര്‍മ്മങ്ങളുടെ വിനാശമുണ്ടാകാതെ ഒരു സത്യമായ ധര്‍മ്മത്തിന്‍റെ സ്ഥാപനയെങ്ങനെയുണ്ടാകും. സത്യയുഗത്തില്‍ ഒരു ആദി സനാതന ദേവീ ദേവതാ ധര്‍മ്മമായിരുന്നു. സത്യയുഗത്തിന്‍റെ തുടക്കത്തില്‍ എന്തായിരുന്നുവെന്ന് മറ്റുള്ളവര്‍ക്കെങ്ങനെയറിയാനാണ്. ഇത് പുരുഷോത്തമ സംഗമയുഗമാണ്. ബാബ വന്നിരിക്കുന്നത് തന്നെ എല്ലാവരെയും പുരുഷോത്തമരാക്കി മാറ്റുന്നതിനാണ്. എല്ലാവരുടെയും അച്ഛനല്ലേ. ഡ്രാമയെ നിങ്ങളറിഞ്ഞു കഴിഞ്ഞു. എല്ലാവരുമൊന്നും സത്യയുഗത്തില്‍ വരുകയില്ല. ഇത്രയും കോടി ആത്മാക്കള്‍ സത്യയുഗത്തില്‍ വരുകയില്ല. ഇത് വ്യക്തമായ കാര്യമാണ്. ഒന്നും മനസ്സിലാക്കാത്ത ഒരുപാട് പെണ്‍കുട്ടികളുണ്ട്. ജ്ഞാനം ബുദ്ധിയിലിരിക്കില്ല. ഭക്തിയിലെ ശീലമാണ്. ഭഗവാന് എന്താണ് ചെയ്യാന്‍ കഴിയാത്തതെന്ന് പറയുന്നു. മരിച്ചവരെ പോലും ജീവിപ്പിക്കാന്‍ കഴിയുന്നു. ബാബയുടെയടുത്ത് വരുന്നു, പറയുകയാണ് ഇന്നയാള്‍ മരിച്ചവരെ ജീവിപ്പിക്കുന്നുവെങ്കില്‍ എന്താ ഭഗവാനെ കൊണ്ട് ചെയ്യാന്‍ സാധിക്കില്ലേ. ആരെങ്കിലും നല്ല കാര്യം ചെയ്താല്‍ മതി പിന്നെ അവരുടെ മഹിമ ചെയ്യുന്നു. പിന്നീടവര്‍ക്ക് ആയിരക്കണക്കിന് അനുയായികള്‍ ഉണ്ടാകും. നിങ്ങളുടെയടുത്താണെങ്കില്‍ വളരെക്കുറച്ച് പേരാണ് വരുന്നത്. ഭഗവാനാണ് പഠിപ്പിക്കുന്നത് എന്നിട്ടും ഇത്രയും കുറവെന്തുകൊണ്ടാണ്? അങ്ങനെ അനേകര്‍ പറയുന്നു. ഹേയ്, ഇവിടെയാണെങ്കില്‍ മരിക്കണം. അവിടെയാണെങ്കില്‍ കര്‍ണ്ണരസം മാത്രമേയുള്ളു. വളരെ ആര്‍ഭാടത്തോടെയിരുന്ന് ഗീത കേള്‍പ്പിക്കുന്നു, ഭക്തജനങ്ങള്‍ കേള്‍ക്കുന്നു. ഇവിടെ കര്‍ണ്ണരസത്തിന്‍റെ കാര്യമില്ല. ബാബയെ ഓര്‍മ്മിക്കൂ എന്ന് നിങ്ങളോട് കേവലം പറയുന്നു. ഗീതയിലും മന്മനാ ഭവയെന്ന അക്ഷരമുണ്ട്. ബാബയെ ഓര്‍മ്മിക്കുകയാണെങ്കില്‍ വികര്‍മ്മം വിനാശമാകും. ബാബ പറയുകയാണ് നല്ല ബ്രാഹ്മണിയില്‍ നിന്നും അഥവാ സെന്‍ററില്‍ നിന്നും അകന്നു പോകുന്നു, ശരി, ഇത് ചെയ്യൂ മറ്റ് സംഗമെല്ലാം വിട്ട് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ഒരു ബാബയെ ഓര്‍മ്മിക്കൂ. ബാബ തന്നെയാണ് പതിത പാവനന്‍. മതി, ബാബയെ ഓര്‍മ്മിച്ചുകൊണ്ടിരിക്കൂ. സ്വദര്‍ശന ചക്രം കറക്കികൊണ്ടിരിക്കൂ. ഇത്രയും ഓര്‍മ്മിച്ചുവെങ്കില്‍ തീര്‍ച്ചയായും സ്വര്‍ഗ്ഗത്തില്‍ വരും. സ്വര്‍ഗ്ഗത്തില്‍ പുരുഷാര്‍ത്ഥത്തിനനുസരിച്ച് മാത്രമേ ഉയര്‍ന്ന പദവി ലഭിക്കൂ. പ്രജയെ ഉണ്ടാക്കേണ്ടി വരും. ഇല്ലായെങ്കില്‍ ആരുടെ മേല്‍ രാജ്യം ഭരിക്കും. ആരാണോ വളരെയധികം പരിശ്രമിക്കുന്നത്, ഉയര്‍ന്ന പദവിയും അവരേ നേടൂ. ഉയര്‍ന്ന പദവിക്ക് വേണ്ടി എത്രയാണ് തലയിട്ടുടയ്ക്കുന്നത്. പുരുഷാര്‍ത്ഥമില്ലാതെ ആര്‍ക്കും ഇരിക്കാന്‍ സാധിക്കില്ല. ബാബ ഉയര്‍ന്നതിലും ഉയര്‍ന്ന പതിത പാവനനാണെന്ന് നിങ്ങള്‍ കുട്ടികള്‍ക്കറിയാം. കേവലം മനുഷ്യര്‍ മഹിമ പാടുന്നു പക്ഷെ അര്‍ത്ഥം മനസ്സിലാക്കുന്നില്ല. ഭാരതം എത്ര സമ്പന്നമായിരുന്നു, ഭാരതമാണ് സ്വര്‍ഗ്ഗം, ലോകാത്ഭുതം. ആ 7 അത്ഭുതം

മായയുടെതാണ്. മുഴുവൻ ഡ്രാമയിലും ഉയർന്നതിലും ഉയർന്നതാണ് സ്വർഗ്ഗം, താഴ്ന്നതിലും താഴ്ന്നത് നരകം. ഇപ്പോൾ നിങ്ങൾ ബാബയുടെയടുത്ത് വന്നിരിക്കുകയാണ്, മധുരമായ ബാബ ഇത്രയും ഉയർന്ന തിലും ഉയർന്നതിലേയ്ക്ക് കൊണ്ടു പോകുന്നുവെന്നറിയാം. ആ ബാബയെ ആരാണ് മറക്കുക. എവി ടെയ്ക്ക് വേണമെങ്കിലും പോയ്ക്കോളൂ കേവലം ഒരു കാര്യം ഓർമ്മ വെയ്ക്കൂ, ബാബയെ ഓർമ്മിക്കൂ. ബാബ തന്നെയാണ് ശ്രീമതം നൽകുന്നത് – ഭഗവാന്റെ വാക്കാണ്, ബ്രഹ്മാവിന്റെ വാക്കല്ല.

പരിധിയില്ലാത്ത ബാബ കുട്ടികളോട് ചോദിക്കുകയാണ് – കുട്ടികളെ, ഞാൻ നിങ്ങളെ ഇത്രയും സമ്പന്ന മാക്കി മാറ്റിയിട്ട് പോയി പിന്നീട് എങ്ങനെ നിങ്ങളുടെ ദുർഗതിയുണ്ടായി? പക്ഷെ അങ്ങനെ കേൾക്കുന്നു , ഒന്നും തന്നെ മനസ്സിലാക്കുന്നില്ല. അതിനാൽ കുട്ടികൾക്ക് കുറച്ച് ബുദ്ധിമുട്ട് ഉണ്ടാകുന്നു, ദു:ഖം–സുഖം, നിന്ദാ–സ്തുതിയുമെല്ലാം സഹിക്കേണ്ടി വരുന്നു. ഇവിടുത്തെ മനുഷ്യരെ നോക്കൂ പ്രധാനമന്ത്രിയെ പോലും കല്ലെറിയുന്നതിന് മടിക്കുന്നില്ല. പറയുകയാണ് – സ്ക്കൂൾ കുട്ടികൾക്ക് ന്യൂ ബ്ലഡാണ്. അവരുടെ ഒരുപാട് മഹിമ ചെയ്യുന്നു. ഇത് ഭാവിയിലെ പുതിയ രക്തമാണെന്ന് മനസ്സിലാക്കുന്നു. പക്ഷെ അതേ കുട്ടികൾ ദു:ഖം നൽകുന്നവരായി മാറുന്നു. കോളേജിന് തീയിടുന്നു. പലരെയും അവഹേളിച്ചു കൊണ്ടിരിക്കുന്നു. ലോകത്തിന്റെ അവസ്ഥയെന്താണെന്ന് ബാബ മനസ്സിലാക്കി തരുകയാണ്. ഡ്രാമയിലെ അഭിനേതാവാ യിട്ടു പോലും ഡ്രാമയുടെ ആദി–മധ്യ–അന്ത്യത്തെക്കുറിച്ചോ മുഖ്യ അഭിനേതാവിനെക്കുറിച്ചോ അറിയാ ത്തവരെ എന്ത് പറയാനാണ്! ഉയർന്നതിലും ഉയർന്നതാരാണ് അദ്ദേഹത്തിന്റെ ജീവചരിത്രം അറിയണമ ല്ലോ. ഒന്നും അറിയുകയില്ല. ബ്രഹ്മാ–വിഷ്ണു–ശങ്കറിന്റെ പാർട്ടെന്താണ്, ധർമ്മ സ്ഥാപകരുടെ പാർട്ടെന്താ ണ്. മനുഷ്യർ അന്ധവിശ്വാസത്തിൽ വന്ന് എല്ലാവരെയും ഗുരുവെന്ന് പറയുന്നു. ഗുരുവാണെങ്കിൽ സദ്ഗതി ചെയ്യുന്നവരാണ്. ഇപ്പോൾ എല്ലാവരുടെയും സദ്ഗതി ചെയ്യുന്നത് ഒരേയൊരു പരംപിതാ പരമാത്മാവാ ണ്. ബാബ ഉയർന്ന ഗുരുവുമാണ്, പിന്നീട് ജ്ഞാനവും നൽകുന്നു. നിങ്ങൾ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നു, ബാബയുടെ പാർട്ട് തന്നെ അത്ഭുതകരമാണ്. ധർമ്മവും സ്ഥാപിക്കുന്നു ബാക്കി എല്ലാ ധർമ്മ ങ്ങളെയും ഇല്ലാതാക്കുകയും ചെയ്യുന്നു. മറ്റുള്ളവർ കേവലം ധർമ്മസ്ഥാപന ചെയ്യുന്നു, സ്ഥാപനയും വിനാശവും ചെയ്യുന്നവരെയല്ലേ ഗുരുവെന്ന് പറയുക. ബാബ പറയുകയാണ് ഞാൻ കാലന്റെയും കാല നാണ്. ഒരു ധർമ്മത്തിന്റെ സ്ഥാപനയും ബാക്കി എല്ലാ ധർമ്മത്തിന്റെ വിനാശവും ഉണ്ടാവുക അർത്ഥം ഈ ജ്ഞാന യജ്ഞത്തിൽ സ്വാഹാ ആവുക. പിന്നീട് ഒരു യുദ്ധവുമുണ്ടാകില്ല, യജ്ഞവും രചിക്കുകയി ല്ല. നിങ്ങൾ മുഴുവൻ വിശ്വത്തിന്റെയും ആദി–മധ്യ–അന്ത്യത്തെ അറിയുന്നു. ബാക്കി എല്ലാവരും അറിയി ല്ല–അറിയില്ല എന്ന് പറയുന്നു. നിങ്ങളങ്ങനെ പറയുന്നില്ല. ബാബയ്ക്കല്ലാതെ വേറെയാർക്കും മനസ്സിലാക്കി കൊടുക്കാൻ സാധിക്കില്ല. അതിനാൽ നിങ്ങൾ കുട്ടികൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം പക്ഷെ മായ ഇങ്ങനെ ഓർമ്മ തന്നെ ഇല്ലാതാക്കുന്ന തരത്തിലാകുന്നു. നിങ്ങൾ കുട്ടികൾക്ക് മാനം–അപ മാനം, സുഖം–ദു:ഖമെല്ലാം സഹിക്കണം. ഇപ്രകാരം ഇവിടെയാരും അപമാനിക്കപ്പെടുകയില്ല. അഥവാ എന്തെങ്കിലും കാര്യമുണ്ടെങ്കിൽ ബാബയ്ക്ക് റിപ്പോർട്ട് ചെയ്യണം. റിപ്പോർട്ട് ചെയ്യുന്നില്ലായെങ്കിൽ വലിയ പാപമാകുന്നു. ബാബയെ കേൾപ്പിക്കുന്നതുകൊണ്ട് ഉടൻ അതിന് മുൻകരുതൽ ലഭിക്കും. ഈ സർജനിൽ നിന്ന് ഒളിപ്പിക്കരുത്. ഏറ്റവും വലിയ സർജനാണ്. ജ്ഞാന ഇൻജക്ഷൻ, ഇതിനെ അഞ്ജനമെന്നും പറയു ന്നു. അഞ്ജനത്തെ ജ്ഞാന സുറുമയെന്നും പറയപ്പെടുന്നു. ഇന്ദ്രജാലത്തിന്റെയൊന്നും കാര്യമില്ല. ബാബ പറയുകയാണ് ഞാൻ നിങ്ങൾക്ക് പതിതത്തിൽ നിന്ന് പാവനമാകുന്നതിനുള്ള യുക്തി പറഞ്ഞു തരുന്ന തിന് വന്നിരിക്കുകയാണ്. പവിത്രമായി മാറുന്നില്ലായെങ്കിൽ ധാരണയുമുണ്ടാകില്ല. ഈ പ്രവൃത്തി കാരണ ം കൊണ്ട് തന്നെയാണ് പിന്നീട് പാപമുണ്ടാകുന്നത്. ഇതിൽ വിജയിക്കണം. സ്വയം വികാരത്തിലേയ്ക്ക് പോവുകയാണെങ്കിൽ മറ്റുള്ളവരോട് പറയാൻ കഴിയില്ല. അത് മഹാ പാപമായി മാറും. ബാബ കഥയും കേൾപ്പിക്കുന്നുണ്ട് – പണ്ഡിതൻ പറഞ്ഞു രാമ–രാമ എന്ന് പറയുന്നതുകൊണ്ട് സാഗരം മറികടക്കാൻ പറ്റും. ജലത്തിന്റെ സാഗരമെന്ന് മനുഷ്യർ മനസ്സിലാക്കുന്നു. എങ്ങനെയാണോ ആകാശത്തിന് അവസാന മില്ലാത്തത് അതുപോലെ സാഗരത്തിനും അവസാനമുണ്ടാകാൻ കഴിയില്ല. ബ്രഹ്മ മഹതത്വത്തിനും അവ സാനമില്ല. ഇവിടെ മനുഷ്യർ അറ്റം കാണുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്നു, അവിടെ യാതൊരു പുരുഷാർത്ഥവും ചെയ്യുന്നില്ല. ഇവിടെ എത്ര വേണമെങ്കിലും ദൂരെയ്ക്ക് പോകുന്നു പിന്നീട് തിരിച്ച് വരു ന്നു. പെട്രോൾ തന്നെ ഇല്ലായെങ്കിൽ എങ്ങനെ വരും? ഇത് ശാസ്ത്രകാരന്മാരുടെ അതി അഹങ്കാരമാണ്, അതിലൂടെ വിനാശം ചെയ്യുന്നു. വിമാനത്തിലൂടെ സുഖവുമുണ്ട് പിന്നീട് അതിലൂടെ അതി ദു:ഖവുമുണ്ടാ കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യമായ സാരം**

1. ഏതൊരു കാരണത്താലും പഠിപ്പ് ഉപേക്ഷിക്കരുത്. ശിക്ഷകൾ വളരെ കടുത്തതാണ്, അതിൽ നിന്ന് രക്ഷപ്പെടുന്നതിന് വേണ്ടി മറ്റെല്ലാ സംഗവും വിട്ട് ഒരു ബാബയെ ഓർമ്മിക്കണം. പിണങ്ങരുത്.

2. ജ്ഞാന ഇൻജക്ഷൻ അഥവാ അഞ്ജനം നൽകുന്നത് ഒരു ബാബയാണ്, ആ അവിനാശീ സർജനിൽ നിന്ന് ഒരു കാര്യവും ഒളിപ്പിക്കരുത്. ബാബയെ കേൾപ്പിക്കുന്നതുകൊണ്ട് ഉടൻ മുന്നറിയിപ്പ് ലഭിക്കും.

## വരദാനം:- ശരീരത്തിന്റെ ആരോഗ്യം, മനസ്സിന്റെ സന്തോഷം, ധനത്തിന്റെ സമൃദ്ധി ഇവയിലൂടെ ശ്രേഷ്ഠ ഭാഗ്യവാനായി ഭവിക്കട്ടെ.

സംഗമയുഗത്തിൽ സദാ സ്വയത്തിൽ സ്ഥിതി ചെയ്യുന്നതിലൂടെ ശരീരത്തിന്റെ കർമ്മഭോഗം തൂക്കുമരത്തിൽ നിന്ന് മുള്ള് പോലെയായി മാറുന്നു, ശരീരത്തിന്റെ രോഗം യോഗത്തിലൂടെ പരിവർത്തനം ചെയ്യപ്പെടുന്നു അതിനാൽ സദാ സ്വസ്ഥമായിരിക്കുന്നു. മന്മനാഭവ ആകുന്നത് കാരണം സന്തോഷത്തിന്റെ ഖനികളാൽ സദാ സമ്പന്നരാകുന്നു, അതിനാൽ മനസ്സിന്റെ സന്തോഷവും പ്രാപ്തമാകുന്നു മാത്രമല്ല ജ്ഞാന ധനം സർവ്വധനാൽ ശ്രേഷ്ഠവുമാണ്. ജ്ഞാനധനക്കാരോട് പ്രകൃതി താനേ ദാസിയായി മാറുന്നു, മാത്രമല്ല സർവ്വസംബന്ധവും ഒന്നിനോടൊപ്പമാണ്, സമ്പർക്കവും ഹോളീഹംസങ്ങളോടൊപ്പ മാണ്....അതിനാൽ ശ്രേഷ്ഠ ഭാഗ്യവാനെന്ന വരദാനം സ്വതവേ പ്രാപ്തമാകുന്നു.

## സ്ലോഗൻ:- ഓർമ്മയും സേവനവും ഇവ രണ്ടിന്റെയും ബാലൻസ് തന്നെയാണ് ഇരട്ടപ്പൂട്ട്.

**അവ്യക്ത സൂചനകൾ- ആത്മിക സ്ഥിതിയിൽ ഇരിക്കാനുള്ള അഭ്യാസം ചെയ്യൂ, അന്തർമുഖിയാകൂ.**
എങ്ങനെയാണോ അനേക ജന്മങ്ങൾ തന്റെ ദേഹത്തിന്റെ സ്വരൂപത്തിന്റെ സ്മൃതിയിൽ ഇരുന്നത് അതേപോലെ തന്റെ യഥാർത്ഥ സ്വരൂപത്തിന്റെ അനുഭവം അല്പ സമയത്തേക്ക് പോലും ചെയ്യാൻ കഴിയില്ലേ? ഈ ആദ്യപാഠം പൂർത്തിയാക്കൂ അപ്പോൾ തന്റെ ആത്മാഭിമാനി സ്ഥിതിയിലൂടെ സർവ്വാത്മാക്കൾക്കും സാക്ഷാത്കാരം ചെയ്യിപ്പിക്കാൻ നിമിത്തമാകും.